## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3155** 11-12-2014-ൽ മറുപടിക്ക്

**സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം**

**ചോദ്യം**

**ശ്രീ.ഡോ.ടി.എം.തോമസ് ഐസക്**

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) സപ്ലൈകോ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച വകയിൽ എന്തു തുക കുടിശ്ശിക നൽകാനുണ്ടെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(എ) 2014-15 ഒന്നാം സീസണിൽ സപ്ലൈകോ കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച വകയിൽ (04.12.2014) **58.63** കോടി രൂപയാണ് നൽകുവാനുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | നൽകുവാനുള്ള തുക |
|---|---|---|
| 1 | ആലപ്പുഴ | 301800841 |
| 2 | കാസർകോഡ് | 1087788 |
| 3 | കൊല്ലം | 207043 |
| 4 | കോട്ടയം | 111464241 |
| 5 | പാലക്കാട് | 171292581 |
| 6 | തൃശ്ശൂർ | 23750 |
| 7 | വയനാട് | 378618 |
| | ആകെ | **586254862** |

(ബി) കഴിഞ്ഞ സീസണിലെ രണ്ടാം വിളയുടെ സംഭരണവില പൂർണ്ണമായും കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകി കഴിഞ്ഞു.

(സി) കർഷകർക്ക് നൽകിയ തുകയെത്ര; കുടിശ്ശികയായി എന്തു തുക നൽകാനുണ്ട്;

(സി) 2013-14 രണ്ടാം സീസണിൽ സംഭരിച്ച നെല്ലിന്റെ വിലയായ **759.37** കോടി രൂപ പൂർണ്ണമായും കർഷകർക്ക് നൽകി കഴിഞ്ഞു.

(ഡി) നെല്ല് സംഭരിച്ച വകയിൽ സപ്ലൈകോയ്ക്ക് സർക്കാർ എന്തു തുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

(ഡി) നെല്ല് സംഭരണയിനത്തിൽ സപ്ലൈകോയ്ക്ക് **150.93** കോടി രൂപ സംസ്ഥാന സർക്കാരിൽ നിന്നും നൽകേണ്ടതുണ്ട്. ഇതിൽ **100.62** കോടി രൂപ കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച ഇനത്തിൽ നൽകേണ്ടതാണ്.

Beena

സെക്ഷൻ ഓഫീസർ